**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 96** — **03-02-2026 - ൽ മറുപടിയ്ക്ക്**

**പുതുക്കിയ തൊഴിൽ കോഡുകൾ പഠിക്കാൻ വിദഗ്ദ്ധ സമിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ വി ശശി,<br>ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് കേന്ദ്രസർക്കാർ തീരുമാനമെടുത്ത സാഹചര്യം വിശകലന വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | വിശകലനം ചെയ്തിട്ടുണ്ട്. രാജ്യത്ത് നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്ത സാഹചര്യം വിശകലനം ചെ യ്തിട്ടുണ്ട്. രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശുപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് വർക്കിംഗ് കണ്ടീഷൻസ് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി 02.07.2022 തീയതിയിൽ സംസ്ഥാനതല ശിൽപ്പശാലയും 19.12.2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. 22.01.2026 തീയതിയിലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായും, പ്രൊഫസർ K.R.ശ്യാം സുന്ദർ, അഡ്വ.വർക്കിച്ചൻ |

| | | | |
|---|---|---|---|
| | | | പേട്ട എന്നിവർ മെമ്പർമാരായും, അഡ്വ.മൈത്രേയി കൃഷ്ണൻ, ശ്രീ.രവിശങ്കർ ഗാന്ധി, അഡ്വ.ഗായത്രി സിംഗ് എന്നിവർ co-opted മെമ്പർമാരായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | തൊഴിലാളി വിരുദ്ധവും കോർപ്പറേറ്റുകളുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിലുള്ളതുമായ പുതുക്കിയ തൊഴിൽ കോഡുകൾ സംബന്ധിച്ച് സമൂഹത്തിലെ വിവിധ തലങ്ങളിലുള്ളവരുമായി ആശയവിനിമയം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | വിശകലനം ചെയ്തിട്ടുണ്ട്. രാജ്യത്ത് നിലവിലുണ്ടായിരുന്ന 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിക്കുന്നതിന് കേന്ദ്ര സർക്കാർ തീരുമാനമെടുത്ത സാഹചര്യം വിശകലനം ചെയ്തിട്ടുണ്ട്. രണ്ടാം ദേശീയ തൊഴിൽ കമ്മീഷന്റെ ശുപാർശയിന്മേൽ 29 തൊഴിൽ നിയമങ്ങൾ ക്രോഡീകരിച്ച് വേജ് കോഡ്, സോഷ്യൽ സെക്യൂരിറ്റി കോഡ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, ഒക്യുപ്പേഷണൽ സേഫ്റ്റി & ഹെൽത്ത് വർക്കിംഗ് കണ്ടീഷൻസ് കോഡ് എന്നിങ്ങനെ നാല് തൊഴിൽ കോഡുകളായി കേന്ദ്ര സർക്കാർ കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കരട് ചട്ടങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളിൽ നിന്നും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ലഭ്യമാക്കുന്നതിന് തൊഴിലാളി സംഘടനകൾ, തൊഴിലുടമകൾ, നിയമവിദഗ്ദ്ധർ എന്നിവരെ ഉൾപ്പെടുത്തി 02.07.2022 തീയതിയിൽ സംസ്ഥാനതല ശിൽപ്പശാലയും 19.12.2025-ന് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റിന്റെ (KILE) ആഭിമുഖ്യത്തിൽ സർക്കാർ, വിവിധ ട്രേഡ് യൂണിയനുകൾ, നിയമവിദഗ്ധർ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ദേശീയ ലേബർ കോൺക്ലേവും തിരുവനന്തപുരത്ത് വച്ച് സംഘടിപ്പിച്ചിരുന്നു. 22.01.2026 തീയതിയിലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി ജസ്റ്റിസ് (Rtd.) ഗോപാലഗൗഡ ചെയർമാനായും, പ്രൊഫസർ K.R.ശ്യാം സുന്ദർ, അഡ്വ.വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും, അഡ്വ.മൈത്രേയി കൃഷ്ണൻ, ശ്രീ.രവിശങ്കർ ഗാന്ധി, അഡ്വ.ഗായത്രി സിംഗ് എന്നിവർ co-opted മെമ്പർമാരായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | തൊഴിലാളികളുടെ ക്ഷേമവും ഉന്നമനവും മുൻനിർത്തി പുതുക്കിയ തൊഴിൽ കോഡുകൾ സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ദ്ധ സമിതി രൂപീകരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | 22.01.2026 തീയതിയിലെ സ.ഉ.(സാധാ) നം. 74/2026/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ലേബർ കോഡുകളെ കുറിച്ച് പഠിക്കാനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് |

| | | | |
|---|---|---|---|
| | | | പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാനും വേണ്ടി ജസ്റ്റിസ് (റിട്ട.) ഗോപാലഗൗഡ ചെയർമാനായും പ്രൊഫസർ കെ.ആർ.ശ്യാം സുന്ദർ, അഡ്വ.വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അഡ്വ.മൈത്രേയി കൃഷ്ണൻ, ശ്രീ.രവിശങ്കർ ഗാന്ധി, അഡ്വ.ഗായത്രി സിംഗ് എന്നിവർ co-opted മെമ്പർമാരായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ഡി) | തൊഴിൽ മേഖല ഇന്ത്യൻ ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള ഭരണഘടനാപരമായ അവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ? | (ഡി) | തൊഴിൽ മേഖല ഭരണഘടനയുടെ കണകറന്റ് ലിസ്റ്റിൽ ഉൾപ്പെട്ട വിഷയമായതിനാൽ തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് സംസ്ഥാന സർക്കാരിനുള്ള ഭരണഘടനാപരമായ അവകാശങ്ങൾ ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുന്നതിനും കേരളത്തിലെ തൊഴിലാളികൾക്ക് ലേബർ കോഡ് മൂലമുള്ള പ്രത്യാഘാതങ്ങൾ മനസ്സിലാക്കാനും അതിന് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുവാനും വേണ്ടി ജസ്റ്റിസ് (Rtd) ഗോപാലഗൗഡ ചെയർമാനായും പ്രൊഫസർ. കെ.ആർ.ശ്യാം സുന്ദർ, അഡ്വ. വർക്കിച്ചൻ പേട്ട എന്നിവർ മെമ്പർമാരായും അ ഡ്വ. മൈത്രേയി കൃഷ്ണൻ, ശ്രീ.രവിശങ്കർ ഗാന്ധി, അഡ്വ.ഗായത്രി സിംഗ് എന്നിവർ co-opted മെമ്പർമാരായും കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ